U.S. Consulate General Chennai

Press Release

Phone: +91-44-2857-4181 | Mail: ChennaiPDPress@State.Gov

# ഇന്ത്യയിലെ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ച് യു.എസ്. ഡെവലപ്മെൻറ് ഫിനാൻസ് കോർപറേഷൻ

ചെന്നൈ, ഒക്ടോബർ 11: അമേരിക്കൻ സർക്കാരിൻറെ വികസന സാമ്പത്തിക സ്ഥാപനം യു.എസ്. ഡെവലപ്മെൻറ് ഫിനാൻസ് കോർപറേഷൻ (ഡി.എഫ്.സി.) 2023 സാമ്പത്തിക വർഷത്തേക്കുള്ള തങ്ങളുടെ പൂർണ്ണ നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ചു.

ഇന്ത്യയിൽ ഡി.എഫ്.സി. നടത്തുന്ന നിക്ഷേപങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

- ശുദ്ധോർജ്ജ ഉത്പാദനം ശക്തിപ്പെടുത്തുന്നു, നിർണ്ണായക വിതരണ ശൃംഖലകൾ വൈവിധ്യവത്കരിക്കുന്നു: പൂർണ്ണമായും ടാറ്റ പവർ റിന്യുവബിൾ എനർജി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ ടി.പി. സോളാർ ലിമിറ്റഡിന് 425 മില്യൺ ഡോളറിന്റെ വായ്പ. 4 ജിഗാവാട്ട് (GW) ശേഷിയുള്ള ഗ്രീൻഫീൽഡ് സോളാർ സെൽ, 4 ജിഗാവാട്ട് (GW) സോളാർ മോഡ്യുൾ എന്നിവ ഇന്ത്യയിൽ നിർമ്മിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനാണിത്. പുനരുപയോഗിക്കാവുന്ന ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ഇന്ത്യയുടെ സ്വപ്ന പദ്ധതിയെ ഈ നിക്ഷേപം ഏറെ സഹായിക്കും എന്നു മാത്രമല്ല, ആഗോള ഊർജ്ജ വിതരണത്തെ ചൈനയുടെ ആധിപത്യത്തിൽ നിന്നും മോചിപ്പിച്ച് വിതരണ ശൃംഖലകൾ വിപുലപ്പെടുത്താനും ഇത് സഹായിക്കും.

- ശുദ്ധോർജ്ജ രംഗത്തെ ഇന്ത്യയുടെ വികസനം: SAEL ഇൻഡസ്ട്രീസ് ലിമിറ്റഡിൽ 35 മില്യൺ ഡോളറിന്റെ ഇക്വിറ്റി നിക്ഷേപം സൗരോർജ്ജ

മേഖലയും മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്ന രംഗവും വിപുലീകരിക്കാനും അതുവഴി ഇന്ത്യയുടെ ഊർജ്ജ മേഖലയിൽ വൈവിധ്യവത്ക്കരണത്തിനും സഹായകമാകും.

- ഇന്ത്യയിൽ ടെക് സ്റ്റാർട്ടപ്പുകൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിക്കുന്നു: അങ്കുർ ക്യാപിറ്റൽ ഫണ്ടിലെ 15 മില്യൺ ഡോളറിന്റെ ഓഹരി നിക്ഷേപം ഇന്ത്യയിലെ ആരംഭദശയിലുള്ള, നൂതനമായ ആശയങ്ങൾ മുന്നോട്ട് വെക്കുന്ന കമ്പനികൾക്ക് മൂലധനം സ്വരൂപിക്കുന്നതിനായി സഹായിക്കും.

- ചെലവ് കുറഞ്ഞ ആരോഗ്യ പരിരക്ഷ ആഗോളതലത്തിൽ ഉറപ്പുവരുത്തുന്നു: ജെനെസിസ് ബയോളജിക്സ് പ്രൈവറ്റ് ലിമിറ്റഡിനുള്ള 50 മില്യൺ ഡോളറിന്റെ വായ്പ അവരുടെ ഇന്ത്യയിലെ ഇൻസുലിൻ നിർമ്മാണ സൗകര്യം വിപുലപ്പെടുത്താൻ സഹായിക്കുന്നു. ആഗോളതലത്തിൽ തന്നെ പ്രമേഹരോഗ ചികിത്സ ലഭ്യമാക്കുകയും ചെലവ് കുറഞ്ഞതാക്കുകയും ചെയ്യാൻ ഇത് വഴിതെളിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- ഇന്ത്യയിൽ ഭക്ഷ്യസുരക്ഷ മെച്ചപ്പെടുത്തുന്നു: ലീപ് ഇന്ത്യ ഫുഡ് & ലോജിസ്റ്റിക്സിനുള്ള 33 മില്യൺ വായ്പ ധാന്യ ശേഖരണപുരകൾ പണിയുവാനും അതുവഴി ഇന്ത്യയിൽ ഭക്ഷ്യ സംഭരണം ആധുനികവത്ക്കരിക്കാനും പ്രാദേശികമായ ഭക്ഷ്യ സുരക്ഷ മെച്ചപ്പെടുത്താനും സഹായിക്കും.

- കാലാവസ്ഥാ സമ്പദ്വ്യവസ്ഥക്ക് ശക്തി പകരുന്നു: ക്ലൈം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിനുള്ള 10 മില്യൺ ഡോളറിന്റെ വായ്പ കാലാവസ്ഥാ അനുരൂപണനത്തിലും അതിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന ഇന്ത്യയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ സഹായിക്കാനായി വായ്പ നൽകാൻ ഉദ്ദേശിച്ചുള്ളതാണ്.

- ഗ്രാമീണ ഇന്ത്യയിലെ സാമ്പത്തിക ഉൾച്ചേർക്കൽ വിപുലീകരണം: പഹാൽ ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിനുള്ള 12 മില്യൺ ഡോളറിന്റെ വായ്പ കമ്പനിയുടെ മൈക്രോഫിനാൻസ് പോർട്ട്ഫോളിയോ വിപുലപ്പെടുത്താനായി ഗ്രാമീണ മേഖലകളിലേയും ചെറുപട്ടണങ്ങളിലേയും സ്ത്രീകളെ ഉന്നം വെച്ചുള്ള പദ്ധതികൾക്കായുള്ളതാണ്.

- ഇന്ത്യയിൽ ചെലവ് കുറഞ്ഞ ഗൃഹ നിർമ്മാണം വർദ്ധിപ്പിക്കുക: ഉമ്മീദ് ഹൗസിംഗ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിനുള്ള 20 മില്യൺ ഡോളറിന്റെ

വായ്പ കുറഞ്ഞ വരുമാനമുള്ളവരും ഇടത്തരം വരുമാനമുള്ളവരുമായവർ ഉൾപ്പെടുന്ന വിഭാഗങ്ങളിൽ ഭവന വായ്പ നൽകുന്നത് വിപുലീകരിക്കാൻ സഹായിക്കും. ഇന്ത്യയിലെ സ്ത്രീകൾക്കിടയിൽ ചെലവ് കുറഞ്ഞ ഭാവനനിർമ്മാണവും ഉടമസ്ഥാവകാശവും വർദ്ധിപ്പിക്കാനും ഇത് സഹായിക്കും.

- ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റത്തെ സഹായിക്കുക: ഇന്ത്യയിൽ ഇരുചക്ര വാഹനങ്ങളിലേയും മുചക്ര ഇലക്ട്രിക് റിക്ഷകളിലേയും ബാറ്ററി സ്വാപ്പിംഗ് നെറ്റ്‌വർക്ക് മാനേജ് ചെയ്യുന്ന അപ്ഗ്രിഡ് എലെക്ട്രീലീസ് പ്രൈവറ്റ് ലിമിറ്റഡ് (ബാറ്ററി-സ്മാർട്ട്) നൽകുന്ന 10 മില്യൺ ഡോളറിന്റെ വായ്പ ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റത്തെ ത്വരിതപ്പെടുത്തും.

- ഇന്ത്യയുടെ പുനഃചംക്രമണ ശേഷി വിപുലീകരിക്കുക: ഡാൽമിയ പോളിപ്രോ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന് നൽകുന്ന 30 മില്യൺ ഡോളർ വരെയുള്ള വായ്പ പുതിയ ഉപഭോഗാനന്തര പുനഃചംക്രമണ സൗകര്യം പണിതുയർത്താനും അതുവഴി ഇന്ത്യയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുവാനും സഹായിക്കും.

- ഇന്ത്യയിൽ, ഭക്ഷ്യ സുരക്ഷാ മേഖലയിലെ നവീനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നു: സയൻസ് ഫോർ സൊസൈറ്റി ടെക്നോ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിനുള്ള 8.9 മില്യൺ ഡോളറിന്റെ വായ്പ ക്ലീൻ എനർജി, ഫാം-ഗെയ്റ്റ് ഭക്ഷ്യ സംസ്കരണം എന്നിവ വിപുലപ്പെടുത്തുവാനും ഭക്ഷ്യ വസ്തുക്കൾ പാഴാക്കുന്നത് കുറയ്ക്കുവാനും കാർബൺ പുറന്തള്ളൽ കുറയ്ക്കാനും അതിനൊപ്പം ഗ്രാമീണ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനും സഹായിക്കും.